LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക 22.60 കോടി (സാങ്കേതികാനുമതി തുക) രൂപയാണ്.

(സി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ ലഭ്യമാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

1. പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ അഴിമുഖം സ്ഥിരമായി തുറക്കപ്പെടുന്നു.
2. പൊഴിയിലെ മണൽ നീങ്ങുന്നതോടുകൂടി പുഴയുടെ മുകൾ ഭാഗത്തെ ഒഴുക്ക് സുഗമമാവുകയും പുഴയുടെ ഭാഗത്തുള്ള മത്സ്യ ത്തൊഴിലാളികൾക്ക് കൂടുതൽ പ്രയോജനപ്രദമാവുകയും ചെയ്യുന്നു.
3. മത്സ്യതൊഴിലാളികളുടെ തൊഴിൽ അവസരങ്ങൾ വർദ്ധിക്കുന്നു.
4. മത്സ്യതൊഴിലാളികൾക്ക് സുഗമമായി മത്സ്യം കരയ്ക്കടുപ്പിക്കാൻ സാധിക്കും.

(ഡി) പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

പദ്ധതി ആരംഭിച്ച് പൂർത്തീകരണ കാലാവധിയായ 12 മാസത്തിനകം പൂർത്തീകരിക്കുമെന്ന് അനുമാനിക്കുന്നു.

കുറുമാലി പുഴയോട് ചേർന്ന റോഡുകളുടെ നിർമ്മാണം

355(1101) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ കുറുമാലി പുഴയോട് ചേർന്ന പഞ്ചായത്തു കളിലെ റോഡുകൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിന് അനുമതി നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

(എ&ബി) ടി റോഡുകളുടെ നിർമ്മാണത്തിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ സമർപ്പിച്ച നിർദ്ദേശം പരിശോധിച്ചുവരുന്നു.